**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 513 — 06.07.12ൽ മറുപടിയ്ക്ക്

**കേന്ദ്ര സഹായം ലഭിച്ച ടൂറിസം വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം.ചന്ദ്രൻ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ടൂറിസം വകുപ്പിൽ നിന്നും കേന്ദ്രാനുമതിയ്ക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കപ്പെട്ടിരുന്ന പദ്ധതികൾ ഏതൊക്കെയായിരുന്നു; | (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ടൂറിസം വകുപ്പിൽ നിന്നും കേന്ദ്രാനുമതിയ്ക്ക് സമർപ്പിക്കുന്നതിനായി പുതിയ പ്രോജക്ട് റിപ്പോർട്ടുകളൊന്നും പൂർത്തീകരിച്ചിരുന്നില്ല. |
| (ബി) 2011-12 വർഷത്തിൽ കേന്ദ്ര സഹായത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണ് ; പ്രസ്തുത പദ്ധതികൾക്കായി മൊത്തം എന്തു തുക ലഭിക്കുകയുണ്ടായി ; | (ബി) | 2011-12 സാമ്പത്തിക വർഷത്തിൽ ടൂറിസം വകുപ്പ് താഴെപ്പറയുന്ന 10 പദ്ധതികൾ കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്<br><br>1. പെരുവണ്ണാമൂഴി കക്കയം ഡാം വികസനം,<br>2. കാരാപ്പുഴ ഡാം വികസനം,<br>3. ചെമ്പു വില്ലേജിലെ പാലക്കാരി ഫിഷ് ഫാമിന്റെയും ചുറ്റുമുള്ള പ്രദേശങ്ങളുടെയും വികസനം,<br>4. ഉത്തരവാദിത്ത ടൂറിസത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് തൈയ്ക്കാട്ടുള്ള റിസോർട്ട് സൈറ്റിന്റെയും ഹെറിറ്റേജ് റസിഡൻസി ബിൽഡിംഗ് കോംപ്ലക്സിന്റെയും വികസനം,<br>5. കൊച്ചിയിലെ വില്ലിംഗ്ടൺ ഐലന്റിന്റെ വികസനം,<br>6. കൊല്ലം ജില്ലയിലെ കാപ്പിൽ ബീച്ചിന്റെയും ബോട്ട് ക്ലബിന്റെയും വികസനം,<br>7. തുമ്പൂർ മൂഴി ഡാമിന്റെ വികസനം,<br>8. ആലപ്പുഴ ബാക്ക് വാട്ടർ സർക്യൂട്ട് (മെഗാ ടൂറിസം സർക്യൂട്ട്),<br>9. മൊബൈൽ സാങ്കേതിക വിദ്യയിൽ അധിഷ്ടിതമായ 2 പദ്ധതികൾ |

2011-12ൽ സമർപ്പിച്ച മേൽ പദ്ധതികളിൽ 4 പദ്ധതികൾക്കും, 2010-11 ൽ സമർപ്പിച്ച 2 പദ്ധതികൾക്കും കൂടി മൊത്തം 1884.16 ലക്ഷം രൂപ 2011 - 2012ൽ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി.

(സി) 2011-12 ൽ കേന്ദ്ര ടൂറിസം വകുപ്പിൽ നിന്നും അനുമതി ലഭിച്ച പദ്ധതികളിൽ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ പദ്ധതികൾ എത്ര; ഏതെങ്കിലും പദ്ധതികൾക്ക് അനുമതി നൽകാൻ അവശേഷിക്കുന്നുണ്ടോ;

(സി) 2011-12 വർഷത്തിൽ കേന്ദ്ര ടൂറിസം വകുപ്പിൽ നിന്നും അനുമതി ലഭിച്ച 6 പദ്ധതികൾക്കും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) അനുമതി നൽകിയ പദ്ധതികളുടെ ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തവ ഏതെല്ലാമാണെന്നറിയിക്കുമോ ?

(ഡി) അനുമതി നൽകിയ പദ്ധതികളിൽ മൊബൈൽ സാങ്കേതിക വിദ്യയുപയോഗിയ്ക്കുന്ന 2 പദ്ധതികൾ നടപ്പിലാക്കിവരുന്നു. മറ്റു പദ്ധതികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ടൂറിസം വകുപ്പിൽ നിന്നും കേന്ദ്രാനുമതിയ്ക്ക് സമർപ്പിക്കുന്നതിനായി പുതിയ പ്രോജക്ട് റിപ്പോർട്ടുകളൊന്നും പൂർത്തീകരിച്ചിരുന്നില്ല. എന്നാൽ 2011-12 സാമ്പത്തിക വർഷം ടൂറിസം വകുപ്പ് നേരിട്ട് കേന്ദ്ര സഹായത്തിനായി താഴെപ്പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടായിരുന്നു.

1. പെരുവണ്ണാമൂഴി കക്കയം ഡാം വികസനം (6.48 ലക്ഷം)
2. കാരാപ്പുഴ ഡാം വികസനം (8.28 ലക്ഷം)
3. ചെമ്പു വില്ലേജിലെ പാലക്കാരി ഫിഷ് ഫാമിന്റെയും ചുറ്റുമുള്ള പ്രദേശങ്ങളുടെയും വികസനം (3.50 ലക്ഷം)
4. ഉത്തരവാദിത്ത ടൂറിസത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് തൈയ്ക്കാട്ടുള്ള റിസോർട്ട് സൈറ്റിന്റെയും ഹെറിറ്റേജ് റസിഡൻസി ബിൽഡിംഗ് കോംപ്ലക്സിന്റെയും വികസനം (3.97 ലക്ഷം)
5. കൊച്ചിയിലെ വില്ലിംഗ്ടൺ ഐലന്റിന്റെ വികസനം (4.05 ലക്ഷം)
6. കൊല്ലം ജില്ലയിലെ കാപ്പിൽ ബീച്ചിന്റെയും ബോട്ട് ക്ലബിന്റെയും വികസനം (4.09 ലക്ഷം)
7. തുമ്പൂർ മൂഴി ഡാമിന്റെ വികസനം (1.84 ലക്ഷം)
8. ആലപ്പുഴ ബാക്ക് വാട്ടർ സർക്യൂട്ട് (മെഗാ ടൂറിസം സർക്യൂട്ട്) (72 ലക്ഷം)
9. മൊബൈൽ സാങ്കേതിക വിദ്യയിൽ അധിഷ്ടിതമായ പദ്ധതി (46 ലക്ഷം)
10. മൊബൈൽ സാങ്കേതിക വിദ്യയിൽ അധിഷ്ടിതമായ പദ്ധതി (48 ലക്ഷം)

കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് വഴി ക്രൂയിസ് പാസഞ്ചർ ടെർമിനൽ ഫെസിലിറ്റിക്കായി 491.53 ലക്ഷം രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി.

2011-12ൽ സമർപ്പിച്ച മേൽ പദ്ധതികളിൽ 4 പദ്ധതികൾക്കും, 2010-11 ൽ സമർപ്പിച്ച 2 പദ്ധതികൾക്കും കൂടി 2011-12ൽ മൊത്തം 1884.16 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി. ആയതിന് സംസ്ഥാനത്തിന്റെ ഭരണാനുമതിയും നൽകിയിട്ടുണ്ട്, വിശദവിവരം ചുവടെ ചേർക്കുന്നു.

കേന്ദ്രാനുമതി ലഭിച്ച പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക(ലക്ഷം) | നിർവ്വഹണ ഏജൻസി | പ്രവർത്തന പുരോഗതി |
|---|---|---|---|---|
| 1. | പെരുവണ്ണാമൂഴി കക്കയം ഡാം വികസനം | 500 | ഇറിഗേഷൻ വകുപ്പ് | ടെൻഡർ നടപടികൾ നടന്നുവരുന്നു |
| 2. | കാരാപ്പുഴ ഡാം വികസനം | 492.03 | ഇറിഗേഷൻ വകുപ്പ് | ടെൻഡർ നടപടികൾ നടന്നുവരുന്നു |
| 3. | നേര്യമംഗലം വികസനം | 309.62 | കിറ്റ്കോ | ടെൻഡർ നടപടികൾ പൂർത്തീകരിച്ചു പ്രവർത്തന ഏജൻസിയെ കണ്ടെത്തി. |
| 4. | മൂന്നാറിന്റെ വികസനം | 488.51 | ഹാബിറ്റാറ്റ് | |
| 5. | മൊബൈൽ സാങ്കേതിക വിദ്യയിൽ അധിഷ്ടിതമായ പദ്ധതി | 46 | ഇൻവിസ് മൾട്ടീ മീഡിയ | പൂർത്തീകരിച്ചു |
| 6. | മൊബൈൽ സാങ്കേതിക വിദ്യയിൽ അധിഷ്ടിതമായ പദ്ധതി | 48 | ഇൻവിസ് മൾട്ടീ മീഡിയ | പൂർത്തീകരിച്ചു |

(ഒപ്പ്)
സെക്ഷൻ ഓഫീസർ